SJD/3810/2022-SC3

I/71245/2022

വിവരാവകാശം/മറുപടി

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :13-12-2022
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ.കിരൺദീപ്.കെ,
ചൈതന്യ, നെട്ട,
നെട്ടമങ്ങാട്,
തിരുവനന്തപുരം - 695541.
ഫോൺ-8056130767.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 21.11.2022 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയതിന്റെ മറുപടി ചുവടെ ചേർക്കുന്നു.

**ചോദ്യം-1**

എന്റെ അപേക്ഷ താങ്കളുടെ ഓഫീസിൽ ലഭിച്ചത് മുതൽ ഓരോ തീയതിയിലും സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

**ഉത്തരം**

താങ്കളുടെ അപേക്ഷയിൽ 22.11.2022 ൽ ഈ കാര്യാലയത്തിൽ നിന്നും മറുപടിക്കത്ത് താങ്കൾക്ക് ലഭ്യമാക്കിയിട്ടുള്ളതാണ്.മേൽ അപേക്ഷയിൽ ആവശ്യപ്പെട്ട പ്രവർത്തനങ്ങൾ നടപ്പ് സാമ്പത്തികവർഷം നടപ്പാക്കുക എന്നത് ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രായോഗികമല്ല .അടുത്ത സാമ്പത്തികവർഷം ഫണ്ടിന്റെ ലഭ്യതയും സർക്കാർ തീരുമാനത്തിനും വിധേയമായി മേൽ വിഷയത്തിന്മേൽ നടപടികൾ കൈകൊള്ളുന്നതാണ് .

**ചോദ്യം - 2**

എന്റെ അപേക്ഷ ഏതെങ്കിലും ഉദ്യോഗസ്ഥനെ പഠിക്കാൻ/അന്വേഷിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ ചുമതലപ്പെടുത്തിയ ഉത്തരവിന്റെ പകർപ്പ്?

**ഉത്തരം**

ചുമതലപ്പെടുത്തിയിട്ടില്ല

**ചോദ്യം - 3**

എന്റെ അപേക്ഷയുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിക്കാൻ പറഞ്ഞിട്ട് ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്റെ പകർപ്പ്?

I/71245/2022

**ഉത്തരം**

റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടില്ല.

**ചോദ്യം - 4**

എന്റെ അപേക്ഷയിൻമേൽ ഏതെല്ലാം ഉദ്യോഗസ്ഥർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നീ വിവരങ്ങൾ ലഭ്യമാക്കുക?

**ഉത്തരം**

സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിവരങ്ങൾ താങ്കൾക്ക് 22.11.2022 ന് നൽകിയ മറുപടി കത്തിൽ ഉൾപ്പെടുത്തിയിരുന്നു.

**ചോദ്യം - 5**

എന്റെ അപേക്ഷയുമായി ബന്ധപ്പെട്ട നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അനുവദിച്ച് നൽകുക?

**ഉത്തരം**

താങ്കൾ നൽകിയ അപേക്ഷയും, ആയതിന് ഈ കാര്യാലയത്തിൽ നിന്നും താങ്കൾക്ക് നൽകിയ മറുപടി കത്തുമാണ് കറസ്പോണ്ടൻസ് ഫയലിൽ ഉള്ളത്. ഇത് 8 പേജ് വരും. കോപ്പി ആവശ്യമെങ്കിൽ പേജൊന്നിന് 3 രൂപ പ്രകാരം 24 രൂപ 0070-60-118-99 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രെഷറിയിൽ ഒടുക്കി രസീത് സമർപ്പിക്കേണ്ടതാണ്.

**ചോദ്യം - 6**

എന്റെ അപേക്ഷയുമായി ബന്ധപ്പെട്ട ഫയലിലെ എല്ലാ രേഖകളുടേയും പകർപ്പ്?

**ഉത്തരം**

ബന്ധപ്പെട്ട ഫയലിലെ രേഖകൾ 15 പേജുകൾ വരും. കോപ്പി ആവശ്യമെങ്കിൽ പേജൊന്നിന് 3 രൂപ വീതം 45 രൂപ (ചോദ്യം നമ്പർ 5 ൽ ഉൾപ്പെട്ട 24 രൂപ ഉൾപ്പെടെ ആകെ 45 രൂപ) 0070-60-118-99 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ച് രസീത് ഹാജരാക്കേണ്ടത്.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്

**ജോയിന്റ് ഡയറക്ടർ & അപ്പീൽ അധികാരി,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**വികാസ് ഭവൻ 5th Floor,**
**തിരുവനന്തപുരം.**

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലികഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം.**